**പതിമൂന്നാം കേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 2045

19.06.2012-ലെ മറുപടിയ്ക്ക്

## തൃപ്തി സ്റ്റോറുകൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. വർക്കല കഹാർ<br>,, ഹൈബി ഈഡൻ<br>,, എ.റ്റി. ജോർജ്<br>,, ലൂഡി ലൂയിസ് | ശ്രീ.സി.എൻ.ബാലകൃഷ്ണൻ<br>(സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പ് മന്ത്രി) |
| (എ) തൃപ്തി സ്റ്റോറുകളുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം; | (എ) തൃപ്തി സ്റ്റോറുകൾ വഴി ഉപഭോക്താക്കൾക്ക് മിതമായ നിരക്കിൽ ഗുണമേന്മ ഉറപ്പ് വരുത്തി അരിയും, പയറുവർഗ്ഗങ്ങളും മറ്റ് നിത്യോപയോഗ സാധനങ്ങളും കേരള സംസ്ഥാന സഹകരണ മാർക്കറ്റിംഗ് ഫെഡറേഷൻ (മാർക്കറ്റ്ഫെഡ്) വിതരണം ചെയ്യാനാണ് ഉദ്ദേശിക്കുന്നത്. |
| (ബി) നിത്യോപയോഗ സാധനങ്ങളുടെ വിൽപനയിലൂടെ തൃപ്തി സ്റ്റോറുകൾ വഴി എന്തെല്ലാം ഉൽപന്നങ്ങളാണ് ജനങ്ങൾക്ക് ലഭ്യമാക്കാനുദ്ദേശിക്കുന്നത്; | (ബി) വിവിധ ഇനം അരി, പയറു വർഗ്ഗങ്ങൾ, പഞ്ചസാര, മുളക്, സുഗന്ധ വ്യഞ്ജനങ്ങൾ, കറി പൗഡറുകൾ, സ്റ്റേഷനറി, ബ്രാന്റഡ് ഐറ്റംസ് തുടങ്ങി മറ്റ് നിത്യോപയോഗ സാധനങ്ങളെല്ലാം വിതരണം ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ട്. |
| (സി) ഇതിന്റെ പ്രവർത്തനം തുടങ്ങിയിട്ടുണ്ടോ; സംസ്ഥാനത്ത് മുഴുവനും തൃപ്തി സ്റ്റോറുകളുടെ പ്രവർത്തനം വിപുലീകരിക്കാൻ നടപടി എടുക്കുമോ? | (സി) പ്രവർത്തനം ആരംഭിച്ചിട്ടില്ല. ആദ്യത്തെ സ്റ്റോറുകൾ കൊല്ലത്ത് കശുവണ്ടി വികസന കോർപ്പറേഷന്റെ ഫാക്ടറികളോട് ചേർന്നാണ് തുറക്കുവാനുദ്ദേശിക്കുന്നത്. സാദ്ധ്യതകൾ വിലയിരുത്തിയ ശേഷം മാത്രമേ തൃപ്തി സ്റ്റോറുകളുടെ പ്രവർത്തനം വിപുലീകരിക്കാനുള്ള തീരുമാനം കൈക്കൊള്ളുവാൻ കഴിയൂ. |

സെക്ഷൻ ഓഫീസർ